**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് - കണ്ണൂർ നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന റവന്യൂ ഇൻസ്പെക്ടറായ ശ്രീ. ശശിധരനെതിരായ അച്ചടക്ക നടപടിയിൽ തുടർ നടപടികൾ അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം. 1096/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 17.04.2018

പരാമർശം : 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 07.02.2014-തീയതിയിലെ ഇ 13(എസ്.സി. 43/13/KNR)22388/13 നമ്പർ കത്ത്.

2) സർക്കാരിന്റെ 01.06.2015 തീയതിയിലെ 47169/ഇയു2/14/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.

3) നഗരകാര്യ ഡയറക്ടറുടെ 30.07.2017 തീയതിയിലെ വി2-12763/15 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ നഗരസഭയിലെ ഉദ്യോഗസ്ഥർ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്നത് സംബന്ധിച്ച പരാതിയിൽ വിജിലൻസ് വിഭാഗം നടത്തിയ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടറായ ശ്രീ. ശശിധരനെതിരെ വകുപ്പുതല നടപടിയെടുക്കുന്നതിന്റെ ഭാഗമായി ടിയാൾക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുണ്ടായി. കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൾ സമർപ്പിച്ച മറുപടിയിൽ നഗരകാര്യ ഡയറക്ടർ സമർപ്പിച്ച പരാമർശം 3 ലെ റിപ്പോർട്ട് പ്രകാരം കണ്ണൂർ നഗരസഭയിൽ വിജിലൻസ് വിഭാഗം 31/08/2013-ന് നടത്തിയ മിന്നൽ പരിശോധനയിൽ, അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ചും കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക വിരുദ്ധമായും കെട്ടിട നിർമ്മാണാനുമതി നൽകിയതായി കണ്ടെത്തിയതിനെത്തുടർന്ന് പ്രസ്തുത നടപടി ക്രമവിരുദ്ധവും ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വരുത്തിയ വീഴ്ചയുമാണെന്ന് കാണിച്ചാണ് റവന്യൂ ഇൻസ്പെക്ടറായിരുന്ന ശ്രീ.കെ. ശശിധരന് മെമ്മോ നൽകിയിരുന്നത് എന്നും എന്നാൽ വിജിലൻസ് റിപ്പോർട്ടിലും, സർക്കാരിൽ നിന്നും ടിയാന് നൽകിയിട്ടുള്ള കുറ്റാരോപണ മെമ്മോയിലും ശ്രീ. കെ. ശശിധരന് എതിരായി പരാമർശിച്ചിട്ടുള്ള വീഴ്ചകൾ പരിശോധിച്ചതിൽ, എല്ലാം സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഭാഗത്തു നിന്നും വന്നിട്ടുള്ള വീഴ്ചകളായി കാണുന്നതായി നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

2. ശ്രീ. കെ. ശശിധരന്റെ മറുപടിയിൽ പ്രസ്തുത കെട്ടിടം നമ്പർ നൽകുന്നതിന് നേരിട്ട് പരിശോധന നടത്തിയപ്പോൾ ഒക്യുപെൻസി സർട്ടിഫിക്കറ്റിനോടൊപ്പം ഉണ്ടായിരുന്ന പ്ലാൻ പ്രകാരം തന്നെയായിരുന്നു കെട്ടിടം നിർമ്മിച്ചിരിക്കുന്നതെന്നും, പ്ലാനിൽ നിന്നും

വ്യത്യസ്ഥമായി യാതൊരു മാറ്റവും പരിശോധനാ സമയത്ത് കെട്ടിടത്തിൽ വരുത്തിയിരുന്നില്ലെന്നും അറിയിച്ചിരിക്കുന്നു. കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ കെട്ടിടത്തിന് നിർമ്മാണാനുമതിയും, ഒക്യൂപ്പൻസി സർട്ടിഫിക്കറ്റും നൽകുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുള്ളത് കണ്ണൂർ നഗരസഭാ ടൗൺ പ്ലാനിംഗ് വിഭാഗത്തിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരാണെന്ന് കാണുന്നതായും ഇക്കാര്യത്തിൽ റവന്യൂ ഇൻസ്പെക്ടറായിരുന്ന ശ്രീ. കെ. ശശിധരൻ സമർപ്പിച്ച മറുപടി വസ്തുതാപരമാണെന്ന് കാണുന്നതിനാലും, അച്ചടക്ക നടപടിയിൽ തുടർനടപടികൾ ആവശ്യമല്ലാത്തതാണെന്ന കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ച് ഇക്കാര്യത്തിൽ തുടർ നടപടി അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. കെ. ശശിധരന് നൽകിയ കുറ്റാരോപണ മെമ്മോയും ആയതിന് സമർപ്പിച്ച മറുപടിയും വിജിലൻസ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും, പ്ലാനിൽ നിന്നും വ്യത്യസ്ഥമായി അനധികൃത കെട്ടിട നിർമ്മാണം നടത്തിയതായി അന്വേഷണത്തിൽ കണ്ടെത്തിയതിനാലാണ് നഗരസഭയിലെ അസിസ്റ്റന്റ് എഞ്ചിനീയർക്കും റവന്യൂ ഇൻസ്പെക്ടർക്കുമെതിരെ അച്ചടക്ക നടപടിക്ക് വിജിലൻസ് ശുപാർശ ചെയ്തിരുന്നത് എന്ന് കാണുന്നു. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകരിച്ച് ഒക്യൂപ്പൻസി സർട്ടിഫിക്കറ്റ് നൽകിയ കെട്ടിടത്തിന് നമ്പർ നൽകി നിയമാനുസൃതമായി നികുതി ചുമത്തുക മാത്രമാണ് റവന്യൂ ഇൻസ്പെക്ടറുടെ ചുമതലയെന്നും, പരാമർശിത കെട്ടിടത്തിന് നമ്പർ നൽകുന്ന സമയത്ത് പ്ലാനിൽ നിന്നും വ്യത്യസ്ഥമായ മാറ്റമുണ്ടായിരുന്നില്ലയെന്നുമുള്ള ശ്രീ. കെ. ശശിധരന്റെ വാദം വസ്തുതാപരമാണെന്ന് കാണുന്നു.

4. മേൽ സാഹചര്യത്തിൽ കണ്ണൂർ നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടറായിരുന്ന ശ്രീ. ശശിധരനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. മോഹൻദാസ്,**
**അഡീഷണൽ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. കെ. ശശിധരൻ, റവന്യൂ ഇൻസ്പെക്ടർ, കണ്ണൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് (ഡി) വകുപ്പ് (vide Note No. Vig-D4-137/2018-Vig. dated 07.04.2018)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**